# വിവരാവകാശ നിയമം 2005

പ്രേക്ഷിതൻ,

പി പി ലീല
ആലഞ്ചേരി പറമ്പ്
പെരുമണ്ണ പോസ്റ്റ്
കോഴിക്കോട്-673 026 ഫോൺ. **9400223686**

സ്വീകർത്താവ്,

സ്റ്റേറ്റ് പബ്ളിക്ക് ഇൻഫോർമേഷൻ ഓഫീസർ
ജില്ലാ എംപ്ളോയ്മെന്റ് ഓഫീസറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, കോട്ടയം

സൂചിക. ( 1 ) ജി. ഒ (പി )32/98/പി ആന്റ് എ ആർ ഡി തീയ്യതി 28/09/1998
( 2 ) ജി. ഒ (പി )10/99/പി ആന്റ് എ ആർ ഡി തീയ്യതി 17/05/1999
( 3 ) ജി. ഒ (പി )18/99/പി ആന്റ് എ ആർ ഡി തീയ്യതി 13/10/1999

സർ,

സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി വർഷത്തോടനുബന്ധിച്ച്, 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 9 ( എ ) ( 1 ) പ്രകാരം എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി 01-01-1997 മുതൽ 14-08-1998 വരെയുള്ള കാലയളവിൽ എതെങ്കിലും ദിവസം താൽക്കാലികമായി ജോലി ചെയ്ത വികലാംഗ ജീവനക്കാർക്ക് പുനർനിയമനം നൽകുന്നതിന് സൂചിക 1, 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ടി പുനർനിയമനം ക്രമവൽക്കരിക്കാൻ സൂചിക 3 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ വിവിധ ഓഫീസുകളിൽ എത്ര ജീവനക്കാർക്ക് സൂചിക 3 ലെ ഉത്തരവ് പ്രകാരം ക്രമവൽക്കരണത്തിന്റെ ആനുകൂല്യം നൽകിയിയ വിവരങ്ങൾ ബന്ധപ്പെട്ട എത്ര ഓഫീസ് അധികാരികൾ അങ്ങയെ രേഖാമൂലം അറിയിച്ചിട്ടുണ്ട്? ആയത് പ്രകാരം ടി ഓഫീസുകളുടെ മേൽവിലാസവും, ടി കത്തുകളുടെ പകർപ്പും, ക്രമവൽക്കരണം നടത്തിയ ഉത്തരവുകളുടെ പകർപ്പും വിവരാവകാശ നിയമപ്രകാരം അനുവദിക്കാൻ അപേക്ഷിക്കുന്നു. പൂർണ്ണമായ വിവരങ്ങൾ അങ്ങയുടെ ഓഫീസിൽ ലഭ്യമല്ലങ്കിൽ, ആവശ്യപ്പെട്ട വിവരങ്ങൾ ലഭിക്കുന്ന ഓഫീസിലേക്ക്, വിവരാവകാശ നിയമം സെക്ഷൻ 6 (3) ൽ നിർവ്വചിക്കുന്ന പ്രകാരം, ബന്ധപ്പെട്ട ഓഫീസിലെ സ്റ്റേറ്റ് പബ്ളിക്ക് ഇൻഫോർമേഷൻ ഓഫീസർക്ക് അയച്ചുകൊടുത്ത് വിവരം ലഭ്യമാക്കാൻ നിർദ്ദേശം നൽകുവാനും വിനീതമായി അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

കോഴിക്കോട്

12-02-18

പി പി ലീല

ടി അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമല്ല. ആയത് സാമൂഹ്യനീതി വകുപ്പിൽ നിന്ന് ലഭ്യമാകുന്നതാണ്. ആയതിനാൽ ക്രമവൽക്കരണം സംബന്ധിച്ച ടി അപേക്ഷ സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതാണ്.
17/2/18